**അനുബന്ധം - 1**

06-02-2023-ലെ ശ്രീ. കെ. ബാബു (നെന്മാറ)-യുടെ ഉപചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രിയുടെ മറുപടി

| നിരോധിക്കപ്പെടുന്നത് (Prohibited) | നിയന്ത്രിക്കപ്പെടുന്നത് (Regulated) |
|---|---|
| വാണിജ്യ ഖനനം | മരങ്ങൾ മുറിച്ചു മാറ്റുക |
| തടിമില്ലുകൾ സ്ഥാപിക്കുക | ഹോട്ടലുകളും റിസോർട്ടുകളും ആരംഭിക്കുക |
| മലിനീകരണമുണ്ടാകുന്ന വ്യവസായങ്ങൾ ആരംഭിക്കുക, | കാർഷിക മേഖലയിലെ ഗുരുതരമായ മാറ്റം |
| വിറകിന്റെ വാണിജ്യ ഉപയോഗം | പ്രകൃതിദത്ത ജലത്തിന്റെ വ്യവസായിക ഉപയോഗം |
| വൻകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുക | ഇലക്ട്രിക് കേബിളുകൾ സ്ഥാപിക്കുക |
| അപകടകരമായ വസ്തുക്കളുടെ ഉൽപ്പാദനവും ഉപയോഗവും | ഹോട്ടലുകൾ, ലോഡ്ജുകൾ എന്നിവയ്ക്ക് ചുറ്റും വേലി സ്ഥാപിക്കുക |
| ടൂറിസത്തിന്റെ ഭാഗമായി നാഷണൽ പാർക്കുകൾക്ക് മുകളിലൂടെയുള്ള ആകാശയാത്ര | റോഡ് വീതി കൂട്ടുക |
| ജലാശയങ്ങളിൽ മലിന വസ്തുക്കൾ നിക്ഷേപിക്കുക | വാണിജ്യാവശ്യത്തിനായുള്ള വാഹനങ്ങളുടെ രാത്രികാല യാത്ര |
| | വിദേശ പക്ഷി ജന്തുജാലങ്ങളെ കൊണ്ടുവരിക |
| | കുന്നിൻ ചരിവുകളുടെയും നദീതീരങ്ങളുടെയും സംരക്ഷണത്തിനായുള്ള പ്രവൃത്തികൾ |
| | വായു/വാഹന മലിനീകരണം |
| | പരസ്യ ബോർഡുകൾ സ്ഥാപിക്കുക |

## അനുബന്ധം-2

**തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 4577-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

**കാസർഗോഡ് ജില്ലയിലെ കാറഡുക്ക പഞ്ചായത്തിലെ കാട്ടുപന്നി ശല്യം**

(4577) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാറഡുക്ക പഞ്ചായത്തിൽ പി. കുഞ്ഞമ്പു നായർ എന്ന 66 വയസ്സുകാരൻ സ്കൂട്ടറിൽ യാത്ര ചെയ്യവേ കാട്ടുപന്നിയെ ഇടിച്ച് റോഡിലേക്ക് തെറിച്ചുവീണ് മരിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 02-10-2021 രാവിലെയാണ് ടി സംഭവമുണ്ടായത്. മംഗലാപുരം ആശുപത്രിയിൽ വച്ച് ടിയാൻ അന്നേ ദിവസം മരണപ്പെട്ടു.

(ബി) ഈ പ്രദേശത്ത് വർഷങ്ങളായി കാട്ടുപന്നി ശല്യം വ്യാപകമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാറഡുക്ക പഞ്ചായത്ത് കാറഡുക്ക റിസർവ് ഫോറസ്റ്റിന് സമീപമാണ്. ആയതിനാൽ, കാട്ടുപന്നികൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ കൃഷിയിടങ്ങളിൽ കൂടുതലായി ഇറങ്ങുന്നുണ്ട്. കാസർഗോഡ് ഡിവിഷനിൽ ജനവാസ കേന്ദ്രത്തിൽ ഇറങ്ങി കാർഷിക വിളകൾക്ക് നാശം ഉണ്ടാക്കുന്ന വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിനായി 6 ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ചു വരുന്നുണ്ട്. ജനവാസ കേന്ദ്രങ്ങളിലുള്ള കാട്ടുപന്നികളെ സർക്കാർ ഉത്തരവ് പ്രകാരം കൊല്ലുന്നതിനുള്ള നടപടി വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 9 കാട്ടുപന്നികളെ ഇപ്രകാരം കൊന്നിട്ടുണ്ട്. കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നതിനായി കാസർഗോഡ് ഡിവിഷനിൽ കർഷകരായുള്ള 37 പേരെ അവരുടെ അപേക്ഷപ്രകാരം എം പാനൽ ചെയ്ത് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ കാറഡുക്ക ബ്ളോക്ക് പഞ്ചായത്തിന്റെ പരിധിയിൽ കർഷകരായ 11 പേർക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) കാസർഗോഡ് ജില്ലയിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ കഴിഞ്ഞ പതിനഞ്ചു വർഷത്തിനിടെ എത്രപേർക്ക് ജീവൻ നഷ്ടപ്പെട്ടു എന്നും എത്രപേർക്ക് പരിക്കേറ്റു എന്നും വ്യക്തമാക്കാമോ; മരണപ്പെട്ടവർക്കും

പരുക്കേറ്റവർക്കും നൽകിയ ധനസഹായങ്ങളെക്കുറിച്ച് വിശദാംശം നൽകാമോ?

വ്യക്തമാക്കാം. കാസർഗോഡ് ജില്ലയിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ കഴിഞ്ഞ 15 വർഷത്തിനിടെ 7 പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. ധനസഹായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | വർഷം | ധനസഹായം നൽകിയ തുക |
|---|---|---|---|
| 1 | ആയിഷാബി | 2015 | 5,00,000/- |
| 2 | ജോസ് മാടത്തിൽ | 2018 | 10,00,000/- |
| 3 | കെ. കെ. കൃഷ്ണൻ | 2018 | 10,00,000/- |
| 4 | വെള്ളൻ | 2020 | 10,00,000/- |
| 5 | രാജേഷ് | 2020 | 5,00,000/- |
| 6 | എത്തപ്പ നായിക്ക് | 2020 | 5,00,000/- |
| 7 | കുഞ്ഞമ്പു നായർ | 2021 | ധനസഹായം നൽകിയിട്ടില്ല. |

31 പേർക്ക് പന്നിയുടെ ആക്രമണം മൂലം പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽപ്പെട്ട 26 പേർക്ക് ധനസഹായം നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പരിക്കേറ്റവരുടെ എണ്ണം | ധനസഹായം നൽകിയ തുക |
|---|---|---|
| 2012 | 5 | 24,460.00 |

| | | |
|---|---|---|
| 2013 | 1 | 10,710.00 |
| 2014 | 1 | 11,285.00 |
| 2015 | 9 | 1,27,966.00 |
| 2017 | 4 | 2,10,032.00 |
| 2019 | 4 | 1,27,965.00 |
| 2020 | 2 | 57,236.00 |

5 പേർക്ക് ധനസഹായം നൽകാൻ ബാക്കിയുണ്ട്. ധനസഹായം നൽകാൻ ബാക്കിയുള്ള 5 അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം | ധനസഹായം നൽകാൻ ബാക്കിയുള്ള തുക |
|---|---|---|
| 2020 | 2 | 37,100.00 |
| 2021 | 3 | 83,300.00 |
| ആകെ | 5 | 1,20,400.00 |

(ഡി) 2021 ഒക്ടോബർ 2-ന് മരണപ്പെട്ട കുഞ്ഞമ്പു നായരുടെ കുടുംബത്തിന് എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോയെന്നും ഇനി എന്തൊക്കെ സഹായം നൽകുമെന്നും വ്യക്തമാക്കാമോ?

നിലവിൽ സാമ്പത്തിക സഹായം നൽകിയിട്ടില്ല. കാട്ടുപന്നിമൂലം ജീവഹാനി സംഭവിക്കുന്ന കേസ്സുകളിൽ അനന്തരാവകാശിക്ക് 10 ലക്ഷം രൂപയുടെ നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. നഷ്ടപരിഹാരത്തിനുള്ള അപേക്ഷ ലഭിച്ചിട്ടില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പോലീസ്

റിപ്പോർട്ടിന്റെയും പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ നഷ്ടപരിഹാര തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.